(സി) ചില ലോഡ്ജുടമകൾ അമിത വാടക ഈടാക്കുന്നതായി ആരോപിച്ച് നഗരസഭയിൽ പരാതി ലഭിച്ചിട്ടുണ്ട്.

(ഡി) ഗുരുവായൂരിൽ 101 ലോഡ്ജുകൾ ഉണ്ട്. അവയുടെ പേരു വിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു.† ഒരു മുറിയ്ക്ക് പ്രതിദിനം 125 രൂപ മുതൽ 650 രൂപ വരെ ഈടാക്കുന്നതായി അറിയുന്നു.

കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവ്

107 (2905) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കോടി രൂപ പദ്ധതി ചെലവിനായി അനുവദിച്ചിരുന്നു;

(ബി) ഇതിൽ എത്ര കോടി രൂപ ചെലവാക്കിയിട്ടുണ്ട് എന്ന് അറിയിക്കുമോ?

ഉത്തരം

(എ)	കൊയിലാണ്ടി മുനിസിപ്പാലിറ്റിക്ക്	-	1.6218 കോടി രൂപ
	പഞ്ചായത്തുകൾക്ക്	-	3.24 കോടി രൂപ
(ബി)	കൊയിലാണ്ടി മുനിസിപ്പാലിറ്റി	-	1.2626 കോടി രൂപ
	പഞ്ചായത്തുകൾ	-	1.75 കോടി രൂപ

പിറവം ഗ്രാമ പഞ്ചായത്തിൽ പുഴയിലെ മണൽ വാരുന്നതിനുള്ള നിബന്ധനകൾ

108(2906) ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം ഗ്രാമപഞ്ചായത്ത് 1.4.1989 മുതൽ 31.3.2000 വരെയുള്ള കാലയളവിൽ പുഴയിലെ മണൽ വാരുന്നതിന് എന്തെല്ലാം നിബന്ധനകളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇത് സംബന്ധിച്ചുള്ള ലേലം എന്നാണ് നടന്നത്; ആരെല്ലാമാണ് മണൽ വാരുന്നതിനുള്ള ലേലം കൊണ്ടിട്ടുള്ളത്; എന്തു തുകയ്ക്കാണ് ലേലം ഉറപ്പിച്ചത്;

(ഡി) ഇപ്പോൾ മണൽവാരൽ നടക്കുന്നുണ്ടോ; എങ്കിൽ ആരാണ് വാരുന്നത്;

(ഇ) മണൽ വാരുന്നത് സംബന്ധിച്ച് എന്തെങ്കിലും തർക്കം നിലവിലുണ്ടോ; എങ്കിൽ എന്താണ്;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly